പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1641

14-12-2012 – ൽ മറുപടിയ്ക്ക്

മാമം നാളീകേര കോംപ്ളക്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

(എ) ആറ്റിങ്ങൽ മാമം നാളീകേര കോംപ്ളക്സ് കേരഫെഡ് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) 1997 മുതൽ പൂട്ടികിടക്കുന്ന പ്രസ്തുത സ്ഥാപനം കേരഫെഡിന് കീഴിൽ പ്രവർത്തന മാരംഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കാമോ?

(എ) യും (ബി) യും കേരള നാളീകേര വികസന കോർപ്പറേഷന്റെ അധീനതയിൽ മാമം (ആറ്റിങ്ങൽ), ഇടപ്പള്ളി (എറണാകുളം), ഏലത്തൂർ (കോഴിക്കോട്) എന്നിവിടങ്ങളിലെ സ്ഥലം കേരഫെഡിന് സ്ഥിരമായോ വാടകയ്ക്കോ കൈമാറണമെന്നതു സംബന്ധിച്ച ഒരു പ്രൊപ്പോസൽ കേരഫെഡിൽ നിന്നും ലഭിച്ചിരുന്നു. പ്രവർത്തനം നിലച്ചുപോയ കേരള നാളീകേര വികസന കോർപ്പറേഷന്റെ ആസ്തികളുടെ സൂക്ഷിപ്പും നടത്തിപ്പും കേരഫെഡിനെയാണ് ഏല്പിച്ചിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപന ത്തിന്റെ ആസ്തി, ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതിനോ ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കുന്നതിനോ കേരഫെഡിന് കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് 2-2-2008 -ൽ അന്നത്തെ കാർഷികോൽപാദന കമ്മീഷണർ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. ഈ യോഗത്തിൽ നാളീകേര വികസന കോർപ്പറേഷന്റെ കുടിശ്ശികയുള്ള കണക്കുകൾ ആറുമാസത്തിനകം ഓഡിറ്റു നടത്തിയെടുക്കണമെന്നും അതുവരെ കമ്പനിയുടെ സ്ഥലങ്ങൾ വില്ക്കുകയോ കൈമാറ്റം ചെയ്യുകയോ പാടുള്ളതല്ല എന്നും തീരുമാനിക്കുകയും ചെയ്തിരുന്നു. ഈ തീരുമാനത്തിനനുസൃതമായ നടപടികളൊന്നും കേരഫെഡ് സ്വീകരിച്ചിട്ടില്ല. ഈ അവസ്ഥയിൽ കേരള നാളീകേര വികസന കോർപ്പറേഷന്റെ വസ്തുക്കൾ കേരഫെഡിന് കൈമാറ്റം ചെയ്യുന്നതുൾപ്പെടെയുള്ള

വിഷയങ്ങൾ ചോദ്യം ചെയ്തു കൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള 7633/2010 നമ്പർ റിട്ട് പെറ്റീഷനും തീർപ്പാക്കാതെ നിലനിൽക്കു ന്നുണ്ട്. ഈ വസ്തുതകൾ സംബന്ധിച്ച് കേരഫെഡിനോട് ആരാഞ്ഞിട്ടുള്ള വിവരങ്ങൾ സർക്കാരിന് ലഭ്യമാക്കി യിട്ടില്ല. ഈ വസ്തുതകൾ കണക്കാക്കി മാത്രമേ നാളീകേര വികസന കോർപ്പറേ ഷന്റെ അധീനതയിലുള്ള മാമം നാളീകേര കോംപ്ലക്സ് ഏത് തരത്തിൽ ഉപയോഗി ക്കാമെന്നതു സംബന്ധിച്ച് തീരുമാനമെടു ക്കാൻ കഴിയൂ.

സെക്ഷൻ ഓഫീസർ